**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോഴിക്കോട് കോർപ്പറേഷനിലും കോർപ്പറേഷൻ സോണൽ ഓഫീസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1861/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.08.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.11.2011 തീയതിയിലെ ഇ 12(എസ്.സി 11/2011/എൻആർകെ) 23703/2011 നം.കത്ത്

2. സർക്കാരിന്റെ 26.05.2016 തീയതിയിലെ ഇയു2-97/2015 -തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 04.02.2019 തീയതിയിലെ വി2-14249/16 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലും കോർപ്പറേഷന്റെ കീഴിലുള്ള സോണൽ ഓഫീസുകളിലും 10.06.2011 ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തിയ ടി നഗരസഭയിലെ ജീവനക്കാർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ബന്ധപ്പെട്ട ജീവനക്കാരുടെ മറുപടിയുടേയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 3 പ്രകാരമുള്ള റിപ്പോർട്ടിൽ ചുവടേ ചേർക്കുന്ന വിവരങ്ങൾ അറിയിച്ചിരുന്നു.

**ശ്രീ കെ . ഹുസൈൻ , റവന്യൂ ഇൻസ്പെക്ടർ**

2. വിജിലൻസ് പരിശോധന വേളയിൽ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ കെ. ഹുസൈന്റെ കൈവശം നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് അഞ്ചാം സർക്കിളിലെ 3 ഫയലുകൾ തീർപ്പാകാതെ ഉള്ളതായി കാണിച്ചാണ് മെമ്മോ നൽകിയിട്ടുള്ളത്. ആയതിനുള്ള മറുപടിയിൽ സ്ഥലനിർണ്ണയം നടത്താൻ സഹായകരമായ വിവരങ്ങൾ ഫയലിൽ ലഭ്യമാകാതെ, ലൊക്കേഷൻ കണ്ടെത്തുന്നതിന് മൂന്നും നാലും പ്രാവശ്യം ഫീൽഡിൽ പോകാറുണ്ടെന്നും, കൂടാതെ പല വീടുകളും ആളില്ലാതെ അടഞ്ഞു കിടക്കുന്നതുമായിരിക്കുമെന്നും അത്തരം കേസുകളിലായിരിക്കും കാലതാമസം വന്നിട്ടുണ്ടാകുക എന്നും അറിയിക്കുകയുണ്ടായി.

3. വിജിലൻസ് . റിപ്പോർട്ടിൽ 2011 മാർച്ചിൽ ലഭിച്ച അപേക്ഷകളിൽ മൂന്നെണ്ണം തീർപ്പാക്കാത്തതായി ഉണ്ടെന്നു മാത്രമാണ് ആരോപിച്ചിട്ടുള്ളതെന്നും, അവ ഏതെല്ലാമാണെന്ന് പരാമർശിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പരിശോധിച്ചു കണ്ടെത്തുക

ദുഷ്കരമാണെന്നും വിജിലൻസ് റിപ്പോർട്ടിൽ തന്നെ ജമമാറ്റത്തിനുള്ള അപേക്ഷകളുടെ ഫയലുകളിൽ കാലതാമസം ഇല്ലെന്നും സൂചിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ ഉമ്മറിന്റെ മറുപടി സാമന്യമായി അംഗീകരിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

**ശ്രീ മോഹൻദാസ് , സൂപ്രണ്ട്**

4. ആറാം സർക്കിളിന്റെ റവന്യൂ ഇൻസ്പെക്ടർ ആയിരിക്കെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് 20 ഫയലുകളും , ജമമാറ്റത്തിനുള്ള രണ്ട് ഫയലുകളും യഥാസമയം തീർപ്പാക്കാതെ ടിയാന്റെ കൈവശം ഉണ്ടായിരുന്നതായാണ് വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന് നൽകിയ മെമ്മോയിലെ ആരോപണം. വിജിലൻസ് പരിശോധന നടത്തിയതിൽ മെമ്മോയ്ക്ക് ആധാരമായ ഫയലുകൾ പുതിയ റവന്യൂ ഇൻസ്പെക്ടറുടെ കൈവശത്തിൽ ആയിരുന്നുവെന്നും അതിനു മുമ്പെ സൂപ്രണ്ടായി ചാർജ്ജെടുത്തിട്ടുള്ളതിനാലാണ് പ്രസ്തുത ഫയലുകളിൽ തീർപ്പ കൽപ്പിക്കാൻ തനിയ്ക്ക് സാധിക്കാതെ വന്നിട്ടുള്ളതെന്നും ടിയാൻ മറുപടിയിൽ രേഖപ്പെടുത്തുകയുണ്ടായി. ശ്രീ മോഹൻദാസിന്റെ മറുപടിയും, ടിയാൻ ഇതിനകം സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും കൂടി പരിഗണിച്ച് തുടർ നടപടികൾ ഒഴിവാക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

**ശ്രീ പി . രവീന്ദ്രൻ , സൂപ്രണ്ട്**

5. നികുതി നിർണ്ണയം , ജമമാറ്റം എന്നിവയ്ക്കായി വിവിധ കാലയളവുകളായി ലഭിച്ച ഫയലുകൾ നടപടി എടുക്കാതെ കൈവശം വച്ചതായാണ് ടിയാനെതിരായുള്ള ആരോപണം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിയന്തര ജോലികൾ പ്രസ്തുത കാലത്ത് നിർവ്വഹിക്കാനുണ്ടായിരുന്നതിനാലും, കെട്ടിട നമ്പർ പുതുക്കൽ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകൽ എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ ഉണ്ടായിരുന്നതു കൊണ്ടാണ് മെമ്മോയിൽ കാണിച്ച പ്രകാരം ഫയലുകൾ കുടിശ്ശിക വരുവാൻ ഇടയായതെന്നും ശ്രീ പി . രവീന്ദ്രൻ മറുപടിയിൽ രേഖപ്പെടുത്തുകയുണ്ടായി. ശ്രീ പി.രവീന്ദ്രൻ സർവ്വീസിൽ നിന്നും നേരത്തേ വിരമിച്ചിട്ടുള്ളതു കൂടി പരിഗണിച്ച് ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

**ശ്രീ ശ്രീകുമാരൻ നായർ , സൂപ്രണ്ട്**

6. നഗരസഭാ 9- ാം സർക്കിളിൽ 08.04.2010 മുതൽ 17.01.2011 വരെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ടിയാൻ ഫയലുകൾ നടപടി എടുക്കാതെ കൈവശം വച്ചതായി കാണിച്ചാണ് മെമ്മോ നൽകിയിട്ടുള്ളത്. റവന്യൂ ഇൻസ്പെക്ടർ ആയി ചാർജ്ജ് എടുത്ത 08.04.2010- ന് തീർപ്പ് കൽപ്പിക്കാത്ത 300 ഫയലുകൾ സ്വീകരിച്ചിരുന്നതായും അവയിൽ നിരവധി എണ്ണത്തിൽ അധിക സമയം ജോലി ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ബി.പി.എൽ സർവ്വേ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയുടെ ഉത്തരവാദിത്വ മുണ്ടായിരുന്നുവെന്നും മറുപടിയിൽ രേഖപ്പെടുത്തുകയുണ്ടായി. ടിയാന്റെ മറുപടിയും, 2014- ൽ ടിയാൻ വിരമിച്ചതും കണക്കിലെടുത്ത് നടപടി തീർപ്പാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെടുന്നു .

**ശ്രീ സന്തോഷ് കുമാർ വി ., സൂപ്രണ്ട്**

7. നഗരസഭയിലെ 9- ാം സർക്കിളിന്റെ റവന്യൂ ഇൻസ്പെക്ടർ ആയി 17.01.2011 മുതൽ 21.05.2011 വരെ സേവനമനുഷ്ഠിച്ച ടിയാന് ഫയലുകൾ നടപടി എടുക്കാതെ കൈവശം വച്ചതായി കാണിച്ചാണ് മെമ്മോ നൽകിയിട്ടുള്ളത്. ആയതിന് ടിയാൻ നൽകിയ മറുപടിയിൽ തീരദേശ മേഖല ഉൾപ്പെടുന്ന 9- ാം സർക്കിളിൽ 1100- ൽ അധികം ഫയലുകൾ തീർപ്പാക്കാൻ

ബാക്കിയുള്ളതായി ബോദ്ധ്യപ്പെട്ടിരുന്നുവെന്നും, കുടിശ്ശിക ഫയലുകൾ തീർപ്പാക്കി വരുമ്പോൾ പുതിയ ചിലതിൽ കാലതാമസം വന്നിരുന്നുവെന്നും റവന്യൂ ഇൻസ്പെക്ടർ ആയി സേവനമനുഷ്ഠിച്ച മൂന്നു മാസത്തിനകം 85% ഫയലുകളും തീർപ്പാക്കിയിരുന്നുവെന്നും ബോധിപ്പിച്ചിരിക്കുന്നു. മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ 7 വർഷം മുമ്പ് പെന്റിംഗ് ആയതായി എണ്ണം കൊണ്ട് മാത്രം സൂചിപ്പിച്ച ഫയലുകളുടെ സംഗതിയിൽ നിലവിൽ പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് ഉള്ളതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

**ശ്രീ കെ . എൻ സോമൻ , റവന്യൂ ഇൻസ്പെക്ടർ**

8. 2002 ജനുവരി മുതൽ കോഴിക്കോട് കോർപ്പറേഷൻ 9- ാം സർക്കിളിൽ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ കെ. എൻ സോമൻ 2002 മുതൽ 2011 വരെയുള്ള കാലയളവിൽ വിവിധയിനം ഫയലുകൾ പെൻഡിംഗ് ആയതിന് ഉത്തരവാദിയാണെന്നാണ് കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിട്ടുള്ളത്. 31.01.2015- ന് വടകര നഗരസഭയിൽ നിന്നും പി . എ ടു സെക്രട്ടറി തസ്തികയിൽ റിട്ടയർ ചെയ്ത ടിയാന് 2002 മുതലുള്ള ഫയലുകൾ സംബന്ധമായി വിശദീകരണം നൽകുന്നതിന് പ്രയാസമുണ്ടെന്നും ആകയാൽ ടിയാൻ നടപടി വൈകിപ്പിച്ചു എന്നും പറയുന്ന ഫയലുകളുടെ വിശദവിവരം ലഭ്യമാക്കണമെന്നും മറുപടി നൽകിയിരുന്നു . ടിയാന് നൽകിയ മെമ്മോയിൽ മുൻപറഞ്ഞ ജീവനക്കാർക്ക് നൽകിയത് പ്രകാരം 218 ഫയലുകളുടെ കാര്യം തന്നെയാണ് പറഞ്ഞിട്ടുള്ളത് . 2002 മുതൽ പെന്റിംഗ് ആയതായി എണ്ണം കൊണ്ട് മാത്രം സൂചിപ്പിച്ച ഫയലുകളുടെ സംഗതിയിൽ നിലവിൽ പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിന് ബുദ്ധിമുട്ടാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**ശ്രീ സി . വി ചന്ദ്രൻ , സൂപ്രണ്ട്**

9. നഗരസഭയുടെ 9- ാം സർക്കിളിൽ 05.04.2008 മുതൽ 13.05.2008 വരെ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ സി.വി ചന്ദ്രന് മുൻ പറഞ്ഞ ജീവനക്കാർക്ക് നൽകിയതുപോലെ 218 ഫയൽ പെൻഡിംഗ് ആണെന്ന് കാണിച്ചാണ് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത്. ശ്രീ സി.വി. ചന്ദ്രൻ ഗുരുവായൂർ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 21/01/2017- ൽ മരണപ്പെട്ടിട്ടുള്ളതായി നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

**ശ്രീ രാമൻ എം . പി . റവന്യൂ ഇൻസ്പെക്ടർ**

10. നഗരസഭാ 8- ാം സർക്കിൾ റവന്യൂ ഇൻസ്പെക്ടർ ആയി 18.01.2011 മുതൽ 15.04.2011 വരെ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ എം.പി രാമന്റെ കൈവശം നികുതി നിർണ്ണയത്തിന്റെ രണ്ട് ഫയലുകളും, ജമമാറ്റത്തിന്റെ 3 ഫയലുകളും കുടിശ്ശിക ഉള്ളതായി കാണിച്ചാണ് മെമ്മോ നൽകിയിട്ടുള്ളത്. മറുപടിയിൽ 01.02.2011 മുതൽ 27.04.2011 വരെയാണ് 8- ാം സർക്കിളിൽ റവന്യൂ ഇൻസ്പെക്ടറായി ജോലിയിൽ ഇരുന്നതെന്നും ഈ 3 മാസത്തിനകം വാർഡുകൾ പരിചയപ്പെടാനും പെൻഡിംഗ് ഫയലുകൾ തീർക്കാനും സാധിച്ചിട്ടില്ലായെന്നും സൂചിപ്പിച്ചതു കൂടാതെ താൻ ചാർജ്ജെടുക്കുമ്പോൾ 50- ൽ കൂടുതൽ അസസ്സ്മെന്റ് ഫയലുകൾ, നൂറിൽ കൂടുതൽ ഒഴിവ്,ഇളവ്,റസിഡൻഷ്യൽസർട്ടിഫിക്കറ്റുകൾ,ജമമാറ്റഫയലുകളും മറ്റുമുണ്ടായിരുന്നതിനാൽ മന:പൂർവ്വം ഒരു ഫയലിലും കാലതാമസം വരുത്തിയിട്ടില്ലെന്നും കാണിച്ച് മാപ്പപേക്ഷ നൽകിയിരുന്നു . മേൽ മറുപടി പരിഗണിക്കാവുന്നതാണെന്നും ശ്രീ എം.പി. രാമൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു

**ശ്രീ കെ . കെ രാജൻ , സൂപ്രണ്ട്**

11. നഗരസഭ 8- ാം സർക്കിളിൽ റവന്യൂ ഇൻസ്പെക്ടർ ആയി 05.04.2010 മുതൽ 17.01.2011 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ കെ.കെ. രാജന്റെ കൈവശം നികുതി നിർണ്ണയത്തിന്റെ രണ്ട് ഫയലുകളും ജമമാറ്റത്തിന്റെ 3 ഫയലുകളും കുടിശ്ശിക ഉള്ളതായി കാണിച്ചാണ് മെമ്മോ നൽകിയിട്ടുള്ളത്. തീർപ്പാക്കാത്ത ഒട്ടനവധി അപേക്ഷകളും ഇലക്ഷനുമായി ബന്ധപ്പെട്ട ജോലികളും നിലവിലുള്ള സമയത്താണ് 05.04.2010- ന് ടിയാൻ ചാർജ്ജെടുക്കുന്നതെന്നും നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളിലും നമ്പർ നൽകി നികുതി ചുമത്തുകയും അസസ്സ്മെന്റ് ലിസ്റ്റ് റവന്യൂ ഓഫീസറുടെ അംഗീകാരത്തിന് യഥാസമയം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായും ടി വസ്തുത ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചാൽ ബോദ്ധ്യപ്പെടുന്നതാണെന്നും മന:പൂർവ്വമല്ലാതെ വന്നിട്ടുള്ള ന്യൂനതകൾ മാപ്പാക്കണമെന്നും അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ കെ കെ രാജൻ അപേക്ഷിച്ചിരിക്കുന്നു .

**ശ്രീമതി ബിന്ദു വി . കെ , സീനിയർ ക്ലാർക്ക് , ശ്രീ ബൈജു ടി , സീനിയർ ക്ലാർക്ക് ,ശ്രീ പി . സുരേഷ് ബാബു , സീനിയർ ക്ലാർക്ക്,ശ്രീ വി . പി ബാലരാജ് , സൂപ്രണ്ട്, ശ്രീ വി . സുനിൽ കുമാർ , സൂപ്രണ്ട്**

12. ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം സൂചിപ്പിച്ചു കൊണ്ടാണ് ടിയാളുകൾക്ക് മെമ്മോ നൽകിയിട്ടുള്ളത്. പ്രസ്തുത മെമ്മോയിൽ തന്നെ പൊതുവായ മറ്റ് ചില അപാകതകളും സൂചിപ്പിച്ചിട്ടുണ്ട്. (സെക്ഷൻ സൂപ്രണ്ടുമാർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 3735 അപേക്ഷകൾ ആകെ പെന്റിംഗ്, ഓവർസിയർ/എ ഇമാർ സമയപരിധിക്കകം പരിശോധന നടത്തുന്നില്ല, ഇടനിലക്കാരുടെ സാന്നിദ്ധ്യം വ്യക്തമാണ്, പേഴ്സണൽ ക്യാഷ് ഡിപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നിങ്ങനെ)

13. ശ്രീമതി ബിന്ദു വി.കെ സമർപ്പിച്ച മറുപടിയിൽ, താൻ ജോലി നോക്കിയിരുന്ന ടി.പി4 സെക്ഷനിൽ ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ തൻപതിവേടിലും ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിലും ചേർത്ത് തുടർനടപടിയ്ക്ക് ബന്ധപ്പെട്ട് ഓവർസിയർക്ക് അയയ്ക്കാറുള്ളതായും, റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും ഫീസ് ഒടുക്കുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിക്കുന്നുണ്ടെന്നും നോട്ടീസ് അയയ്ക്കേണ്ട ഫയലുകളിൽ അപ്രകാരം ചെയ്ത് വന്നിട്ടുണ്ടെന്നും കാലതാമസം കൂടാതെ ജോലി നിർവ്വഹിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട് . ശ്രീ ബൈജു നൽകിയ മറുപടിയും സമാനമാണ്. ശ്രീ പി . സുരേഷ് ബാബുവിന്റെ മറുപടി പ്രകാരം ടി . പി 10 സെക്ഷൻ ക്ലാർക്കിന്റെ കൈവശം ഫയലുകൾ പെന്റിംഗ് ആയിരുന്നതിന്റെ എണ്ണമോ വിവരങ്ങളോ മെമ്മോയിലോ ബന്ധപ്പെട്ട റിപ്പോർട്ടിലോ പരാമർശിച്ചിട്ടില്ലായെന്നും, പൊതുജനങ്ങളിൽ നിന്നോ, മേലുദ്യോഗസ്ഥരിൽ നിന്നോ, കൗൺസിൽ ഭാഗത്തു നിന്നോ തനിയ്ക്കെതിരെ യാതൊരു പരാതിയും ഇല്ലാത്തതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്

14. 31.05.2014 ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ വി.പി ബാലരാജ് നൽകിയ മറുപടിയിൽ 2011 മെയ് മുതലുള്ള കാലയളവിലാണ് കോഴിക്കോട് നഗരസഭാ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ സൂപ്രണ്ട് ആയി സേവനമനുഷ്ഠിച്ചിരുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷ ഫയലുകളിൽ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ റിപ്പോർട്ട് സഹിതം ഫയൽ നൽകിയാലേ ക്ലാർക്കിനും സൂപ്രണ്ടിനും സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുവാൻ കഴിയൂ എന്നും അക്കാര്യത്തിൽ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഭാഗത്തു നിന്നും കാലതാമസം വന്നിരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ഇടനിലക്കാരുടെ ഇടപെടൽ ഉണ്ടായിട്ടില്ലെന്നും, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ നിർദ്ദേശ പ്രകാരം ആരംഭിച്ചിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട് .

15. ശ്രീ വി.സുനിൽ കുമാർ സമർപ്പിച്ച മറുപടിയിൽ 19.04.2010 മുതൽ 3 1/2 വർഷത്തോളം ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ ജോലി ചെയ്തിരുന്നുവെന്നും സൂപ്രണ്ടായി ചാർജ്ജെടുക്കുമ്പോൾ തന്നെ വർഷങ്ങൾ പഴക്കമുള്ള നിരവധി ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടായിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്. അവ തീർപ്പാക്കുന്നതിനുള്ള നടപടികൾക്ക് മീറ്റിംഗുകളും അദാലത്തും നടത്തിയിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഓവർസിയർ , അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഫയൽ കൈമാറുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി ടിയാനും സൂചിപ്പിച്ചിട്ടുണ്ട് .

16. ജീവനക്കാരുടെ ഭാഗത്ത് എത്ര ഫയലുകൾ പെന്റിംഗ് ആയിരുന്നുവെന്നോ , അവ ഏതൊക്കെ എന്നോ സൂചിപ്പിച്ച കാണാത്തതിനാൽ ഏഴ് വർഷത്തിനുശേഷം ഇപ്പോൾ പരിശോധിച്ച് വിലയിരുത്തുക ദുഷ്കരമാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഫയൽ കൈമാറുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി ടിയാനും സൂചിപ്പിച്ചിട്ടുണ്ട്. തന്നെ കുറിച്ച് യാതൊരു പരാതിയും ഇക്കാര്യത്തിൽ ജനങ്ങളിൽ നിന്നും മേലുദ്യോഗസ്ഥരുടെ ഭാഗത്തു നിനനും ഉണ്ടായിട്ടില്ലായെന്നും ടിയാന്റെ മറുപടിയിൽ പറയുന്നു . ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ വിജിലൻസിന്റെ പരിശോധനയെ തുടർന്നുള്ള ഓഫീസ് ഓർഡറിന്റെ അടിസ്ഥാനത്തിൽ പിന്നീട് കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചിട്ടുള്ളത് ശരിയാണെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായും മേൽ വിശദീകരണം സാമാന്യമായി അംഗീകരിക്കാവുന്നതാണെന്നും വിജിലൻസ് സൂചിപ്പിച്ച പ്രകാരമുള്ള പരാമർശങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ കൂടുതൽ ശ്രദ്ധാന്തി പുലർത്തേണ്ടതാണെന്ന് നിർദ്ദേശം നല്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു .

**ശ്രീ സത്യബാബു , സൂപ്രണ്ട്**

17. ശ്രീ സത്യബാബു റവന്യൂ ഇൻസ്പെക്ടർ ആയിരിക്കെ രണ്ടാം സർക്കിളിലെ ഒരു നികുതി നിർണ്ണയ ഫയൽ കുടിശ്ശിക ആയി ടിയാന്റെ കൈവശമുണ്ടായിരുന്നു എന്നതാണ് കുറ്റാരോപണം .

18. ടിയാൻ നൽകിയ മറുപടിയിൽ മേൽ ഫയൽ 19.02.2011 നാണ് ലഭ്യമായതെന്നും ഫയലിന് ആധാരമായ വീട് പൂട്ടി കിടക്കുകയോ, ഉടമയോ ബന്ധപ്പെട്ടവരോ ഇല്ലാതെ വന്നതോ ആയ സാഹചര്യങ്ങളിൽ ഒരേ സ്ഥലത്ത് പല പ്രാവശ്യം പോകേണ്ടി വന്നിട്ടുണ്ടെന്നും ഇത്തരത്തിൽ കണ്ടെത്തുവാൻ കഴിയാത്തതാവാം ബന്ധപ്പെട്ട ഫയൽ എന്നും സൂചിപ്പിച്ചിട്ടുണ്ട് . 01.04.2011 മുതൽ സൂപ്രണ്ട് ആയി സോണൽ ഓഫീസിൽ പ്രവേശിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്.മേൽ കാര്യത്തിൽ ബോധിപ്പിച്ചിട്ടുള്ളത് സാമാന്യമായി അംഗീകരിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു .

**ശ്രീ ഹരിദാസ് , റിട്ട ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ എം . വാസു , സീനിയർ ക്ലാർക്ക് ശ്രീ കെ . ബഷീർ , സീനിയർ ക്ലാർക്ക്**

19. ജനന മരണ വിഭാഗം ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ എം . ഹരിദാസ് , സീനിയർ ക്ലാർക്കുമാരായ ശ്രീ എം. വാസു, ശ്രീ കെ. ബഷീർ എന്നിവർക്ക് നൽകിയ കുറ്റാരോപണ മെമ്മോ പൊതു സ്വഭാവത്തിലുള്ളതാണ്. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസിൽ ലഭിച്ച അപേക്ഷകളിൽ ശരിയായ നടപടി സ്വീകരിച്ചിട്ടില്ല, ജെ.എച്ച്.ഐ- മാരുടെ കൈവശം 240 അപേക്ഷകളിൽ തുടർ നടപടി

സ്വീകരിക്കാതെ കാണപ്പെട്ട മസ്റ്റർ റോൾ ശരിയായി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക് കാലാനുസൃതമല്ല എന്നിങ്ങനെയാണ് കുറ്റാരോപണം .

20. ജനന മരണ വിഭാഗത്തിന്റെ തലവൻ ഹെൽത്ത് ഓഫീസർ ആണെന്നും ഹാജർ പട്ടികയുടേയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിന്റേയും സൂക്ഷിപ്പ് തന്റെ ചുമതലയിൽപ്പെട്ടതല്ലെന്നും എന്നാൽ വിജിലൻസിന്റെ പരിശോധനയ്ക്ക് ശേഷം ഹെൽത്ത് ഓഫീസറുടെ നിർദ്ദേശ പ്രകാരം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുകയും ആയത് മേലുദ്യോഗസ്ഥന് അതാത് ദിവസം ഹാജരാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തതായി 31.10.2013- ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ എ. ഹരിദാസൻ നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു.

21. മേൽ പ്രകാരം തന്നെ മെമ്മോ ലഭിച്ച ശ്രീ എം.വാസു 31.05.2016- ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്.പേഴ്സണൽ ക്യാഷ്ഡിക്ലറേഷൻ രജിസ്റ്റർ ഓഫീസിൽ സൂക്ഷിക്കാതിരുന്നതിനാലാണ് ക്യാഷ് വിവരങ്ങൾ രേഖപ്പെടുത്താതിരുന്നതെന്നും , വിജിലൻസ് പരിശോധനയ്ക്ക് ശേഷം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ച് വരുന്നതും ആയതിൽ രേഖപ്പെടുത്തലുകൾ നടത്തി വരുന്നതുമാണെന്നും ശ്രീ വാസു മറുപടി നൽകിയിരിക്കുന്നു. ടിയാന് ലഭിച്ചിട്ടുള്ള അന്വേഷണ റിപ്പോർട്ട് ആവശ്യമായ ജനന മരണ രജിസ്ട്രേഷനുള്ള അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും കുറ്റാരോപണ മെമ്മോയിലെ മറ്റാരോപണങ്ങളൊന്നും തന്നെ ടിയാന്റെ സെക്ഷനുമായി ബന്ധപ്പെട്ടതല്ലെന്നും ശ്രീ വാസുവിന്റെ മറുപടിയിൽ പറയുന്നു .

22. മേൽ പ്രകാരം തന്നെ മെമ്മോ ലഭിച്ച ശ്രീ കെ . ബഷീർ ആയതിൽ 5- ാം നമ്പർ മാത്രമാണ് തനിയ്ക്ക് ബാധകമായതെന്ന് കാണിച്ച് ടി വീഴ്ചയ്ക്ക് മറുപടി നൽകിയിരിക്കുന്നു. തന്റെ സെക്ഷനിലെ പെറ്റിക്യാഷ് രജിസ്റ്റർ 3 ദിവസത്തേയ്ക്ക് എഴുതിയിട്ടില്ലായിരുന്നു എന്നും പ്രസ്തുത ദിവസങ്ങളിൽ സുഖമില്ലാത്തതിനാൽ തന്റെ അഭാവത്തിൽ കൈകാര്യം ചെയ്ത ജീവനക്കാർക്ക് വന്ന അശ്രദ്ധയായിരുന്നുവെന്നും തിരക്കിനിടയിൽ വന്ന് വീഴ്ച മാപ്പാക്കണമെന്നും ശ്രീ ബഷീർ ബോധിപ്പിച്ചിട്ടുണ്ട് .

23. ശ്രീ ഹരിദാസ് , ശ്രീ വാസു എന്നിവരുടെ മറുപടി ടിയാൻമാർ സർവ്വീസിൽ നിന്നും വിരമിച്ച വസ്തുത കൂടി പരിഗണിച്ച് അംഗീകരിക്കാവുന്നതാണെന്നും തന്റെ ഭാഗത്ത് വീഴ്ച ഇല്ലായെന്ന് ശ്രീ ബഷീർ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കുകയോ, താക്കീത് നൽകുകയോ ചെയ്യാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു

**<u>ശ്രീമതി രശ്മി പി ., എൽ . ഡിക്ലാർക്ക്</u>**

24. കോർപ്പറേഷന്റെ ബേപ്പൂർ സോണൽ ഓഫീസിൽ എൽ.ഡി.ക്ലാർക്ക് ആയിരുന്ന ശ്രീമതി പി.രശ്മിക്ക് (ചാർജ്ജ് മെമ്മോയിൽ പി രേഷ്മ എന്നാണ് കാണിച്ചിട്ടുള്ളത്) നൽകിയ മെമ്മോയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ക്യാഷൽ ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലെന്നും 31.03.2011 വരെ മാത്രമേ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടുള്ളുവെന്നും 175 കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ പെൻഡിംഗ് ആണെന്നും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലെന്നും, ബിൽഡിംഗ് പെർമിറ്റുകൾ അനുവദിക്കുന്നതിനു മുൻഗണനാക്രമം പാലിച്ചില്ലെന്നും അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് അപേക്ഷകർക്ക് നൽകിയിട്ടില്ലെന്നും പൂർത്തിയായ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിനു കാലതാമസം ഉണ്ടായതെന്നും സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിൽ ഓവർസിയർമാർ കാലതാമസം വരുത്തിയെന്നും സൂചിപ്പിച്ചിരിക്കുന്നു .

25. എതിർവാദ പത്രികയിൽ ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ നികുതി പിരിവ്, പരാതികൾ പരിശോധിക്കൽ, വിവിധ സാക്ഷ്യപത്രം നൽകൽ തുടങ്ങിയ ജോലികളാണ് തന്നെ ചുമതലപ്പെടുത്തിയതെന്നും 2011 ഏപ്രിൽ മാസത്തിൽ കെട്ടിടനിർമ്മാണ അപേക്ഷ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് വിടുതൽ ചെയ്തതിനെ തുടർന്ന് ടി സീറ്റിന്റെ അധിക ചുമതല കൂടി തനിയ്ക്ക് തരികയായിരുന്നുവെന്നും ജോലിഭാരം മൂലം വീർപ്പുമുട്ടുന്ന സാഹചര്യം ഉണ്ടായിരുന്നുവെന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട് .

26. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഏതെങ്കിലും കോളത്തിൽ രേഖപ്പെടുത്തലുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ജോലിഭാരം മൂലമായിരുന്നുവെന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ,കാഷ്വൽലീവ് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവയുടെ ചുമതല ടിയാൾക്കില്ലായിരുന്നു വെന്നും ശ്രീമതി രശ്മി മറുപടി നൽകിയിട്ടുണ്ട്. ഒരു സെക്ഷന്റെ കൂടി അധികചുമതല വഹിച്ച വരവെ ജോലിഭാരം വർദ്ധിച്ചിട്ടുണ്ടാകാം എന്നത് ശരിയാകാമെങ്കിലും ടിയാളുകളുടെ മേൽ മറുപടി തൃപ്തികരമല്ലായെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു .

**<u>ശ്രീ ടി.പി. ചന്ദ്രൻ , റവന്യൂ ഓഫീസർ</u>**

27. ബേപ്പൂർ സോണൽ ഓഫീസിൽ റവന്യൂ ഓഫീസർ ആയിരുന്ന ശ്രീ ടി.പി ചന്ദ്രനെതിരായുള്ള കുറ്റാരോപണ മെമ്മോയിലും മേൽപ്പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ആരോപിച്ചിട്ടുള്ളത്. 10.08.2016 തീയതി വച്ച് നൽകിയ മറുപടിയിൽ ടിയാൻ 30.11.2013- ൽ റിട്ടയർ ചെയ്തതാണെന്നും 2011 ഏപ്രിൽ മുതൽക്കാണ് റവന്യൂ ഓഫീസറായി പ്രൊമോഷൻ ലഭിച്ചതെന്നും സൂചിപ്പിച്ചിട്ടുണ്ട്. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും ക്യാഷ്വൽ ലീവ് രജിസ്റ്ററും നിലവിൽ സൂക്ഷിക്കുന്നുണ്ടെന്നാണ് അറിയാൻ കഴിഞ്ഞതെന്നും സോണൽ ഓഫീസിലെ വരവുകൾ അന്നന്ന് മെയിൻ ഓഫീസിൽ ഒടുക്കുകയും ചെലവുകൾ മെയിൻ ഓഫീസിൽ നിന്ന് നൽകുകയുമാണ് ചെയ്തു വന്നിരുന്നതെന്നും പെറ്റി ക്യാഷ് രജിസ്റ്റർ സോണൽ ഓഫീസിൽ സൂക്ഷിക്കാറുണ്ടെന്നും ദൈനംദിന ക്യാഷ് ഇടപാട് 01.04.2011 ന് ശേഷം മെയിൻ ഓഫീസ് മുഖേനയാണ് നടത്തിയിട്ടുള്ളതെന്നും ശ്രീ ടി . പി ചന്ദ്രൻ മറുപടി നൽകിയിട്ടുണ്ട് .

28. ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനായിരുന്നുവെന്നും മറ്റൊരു സോണൽ ഓഫീസറായ ചെറുവണ്ണൂർ നല്ലളം റവന്യൂ ഓഫീസറുടെ ചുമതലകൂടി വഹിച്ചിരുന്നതിനാൽ ജോലി ഭാരമുണ്ടായിരുന്നുവെന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ ടി . പി ചന്ദ്രൻ 2013- ൽ റിട്ടയർ ചെയ്തിട്ടുള്ളതു കൂടി പരിഗണിച്ച് ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു .

<u>പ്രകാശൻ കല്ല്യാട്ട് , റവന്യൂ ഇൻസ്പെക്ടർ</u>

29. കോർപ്പറേഷന്റെ എലത്തൂർ സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ പ്രകാശൻ കല്യാട്ടിന് നൽകിയ കുറ്റാരോപണ മെമ്മോയിൽ 5 അപാകതകൾ സൂചിപ്പിച്ചിട്ടുണ്ട് .

a) പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

b) 183 ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ പെൻഡിംഗ് ആയി .

c) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല .

d) അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിരുന്നത് സീനിയോറിറ്റി അടിസ്ഥാനത്തിലല്ല .

e) വിജിലൻസ് പരിശോധനാ ദിവസം അനധികൃതമായി ഹാജരായിരുന്നില്ല .

30. കുറ്റാരോപണങ്ങൾ നിഷേധിച്ചുകൊണ്ടും 10.06.2011 - ന് അസുഖമായിരുന്നതിനാൽ തനിയ്ക്ക് കാഷ്വൽ ലീവ് അനുവദിച്ചിട്ടുള്ളതാണെന്നും ടിയാൻ മറുപടി നൽകിയിട്ടുണ്ട്. 24.05.2011 തീയതിയിലാണ് ടിയാൻ സോണൽ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതെന്നും പരിശോധനാ തീയതി വരെ 11 ദിവസം മാത്രമാണ് ജോലയിലുണ്ടായിരുന്നതെന്നും മറുപടി നൽകിയിരിക്കുന്നു .

31. കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിട്ടുള്ള പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതും കെട്ടിട നിർമ്മാണ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ടിയാന്റെ ഉത്തരവാദിത്തമായിരുന്നോ എന്ന് കണ്ടെത്താനായിട്ടില്ലെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. വിജിലൻസ് പരിശോധനാ ദിവസം ടിയാൻ അനധികൃതമായി ഹാജരായിട്ടില്ല എന്ന് സൂചിപ്പിച്ചിട്ടുള്ളത് ടിയാന് കാഷ്വൽ ലീവ് അനുവദിച്ചതോടെ പരിഹൃതമായിട്ടുള്ളതായി കാണുന്നുവെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു .

**<u>ശ്രീ എ . ഹാരിസ് , സീനിയർ ക്ലാർക്ക്</u>**

32. മേൽ പ്രകാരമുള്ള കുറ്റാരോപണ മെമ്മോയാണ് ശ്രീ ഹാരിസിനും നൽകിയിട്ടുള്ളത് . ടിയാൻ നൽകിയ മറുപടിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ രജിസ്റ്ററിൽ ചേർത്ത് തുടർനടപടിയ്ക്ക് മേലുദ്യോഗസ്ഥർക്ക് കൈമാറി തിരിച്ചെത്തുന്നതിനുള്ള കാലതാമസം മൂലമാണ് 183 ഫയലുകൾ തീർപ്പാക്കാതെ വന്നതെന്നും സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ തന്റെ കൈവശം തീർപ്പാക്കാത്ത ഫയലുകൾ സൂക്ഷിച്ചിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട് . അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് വന്നിട്ടുണ്ടെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും സീനിയോറിറ്റി പ്രകാരമല്ലാതെ തിരികെ നൽകിയ സംഗതിയിലാണ് സീനിയോറിറ്റി പാലിക്കാതെ പെർമിറ്റ് നൽകേണ്ടി വന്നതെന്നും മറുപടി നൽകിയിട്ടുണ്ട് .

33. മേൽ മറുപടിയിൽ നിന്നും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ പരിശോധനാ വിധേയമാക്കിയാണ് വിജിലൻസ് പരിശോധന പ്രകാരം പെന്റിംഗ് ഫയലുകളുടെ കണക്കെടുത്തിട്ടുണ്ടാവുകയെന്നും കുറ്റാരോപണത്തിലെ വിഷയത്തിൽ ടിയാൻ മന : പൂർവ്വമായ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നില്ലെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു .

**<u>ശ്രീ ബാലചന്ദ്രൻ എ . എൻ ., സീനിയർ ക്ലാർക്ക്, ശ്രീ വിജയകുമാർ എൻ.കെ , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ സച്ചിദാനന്ദൻ , സീനിയർ ക്ലാർക്ക്, ശ്രീ ആന്റണി നെൽസൺ , റവന്യൂ ഓഫീസർ</u>**

34. മേൽ ജീവനക്കാർക്ക് നൽകിയ മെമ്മോ പൊതു സ്വഭാവമുള്ളതാണ് . പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ്/നമ്പർ നടപടികൾക്ക് കാലതാമസം, ഹെൽത്ത് ഇൻസ്പെക്ടർ വാർഡ് കൺവീനർക്ക് തുക നൽകുന്നത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ജനന മരണ വിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് കാലതാമസം എന്നിവയാണ് ചെരുവണ്ണൂർ നല്ലളം സോണൽ ഓഫീസ് ജീവനക്കാർക്ക് നൽകിയ മെമ്മോയിലെ ആരോപണങ്ങൾ .

35. ടി മെമ്മോയ്ക്ക് നിലവിൽ താലൂക്ക് ഓഫീസിൽ സീനിയർ ക്ലാർക്ക് ആയ ശ്രീ ബാലചന്ദ്രൻ നൽകിയ മറുപടിയിൽ മെമ്മോയിലെ 1 മുതൽ 4 വരെയുള്ള പരാമർശങ്ങൾ ഓഫീസ് ഉത്തരവ് പ്രകാരം തന്റെ ചുമതലയിൽപ്പെട്ടതല്ലെന്നും , ഹെൽത്ത് ഇൻസ്പെക്ടറുടെ

കീഴിൽ ജനന - മരണ - വിവാഹ സർട്ടിഫിക്കറ്റുകൾ എഴുതി തയ്യാറാക്കി സമർപ്പിക്കുന്നതിനാണ് തന്നെ ചുമതലപ്പെടുത്തിയിരുന്നതെന്നും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾ തനിയ്ക്ക് കൈമാറിക്കിട്ടുമ്പോൾ സെക്ഷനിലെ രജിസ്റ്ററിൽ ചേർത്ത് സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി സമയപരിധിക്കകം ഫ്രണ്ട് ഓഫീസിലേക്ക് കൈമാറിയിട്ടുണ്ടെന്നും ആയത് പരിശോധനാ ഉദ്യോഗസ്ഥർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും, അപാകതകൾ തീർക്കാത്ത ചില അപേക്ഷകൾ മാത്രമാണ് പെൻഡിംഗ് ആയിരുന്നതെന്നും ബോധിപ്പിച്ചിട്ടുണ്ട് .

36. സോണൽ ഓഫീസിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ എൻ.കെ വിജയകുമാർ മേൽ മെമ്മോയിലെ 1, 2, 4 നമ്പർ ആരോപണങ്ങൾക്ക് ഭരണപരമായ ചുമതല തനിക്ക് ഉണ്ടായിരുന്നില്ല / തന്നിൽ നിക്ഷിപ്തമായ ജോലിയിൽ ഉൾപ്പെടുന്നില്ല എന്ന് മറുപടി നൽകിയിരിക്കുന്നു. വാർഡ് കൺവീനർക്ക് തുക അനുവദിക്കുന്നതിന് രജിസ്റ്റർ കൈകാര്യം ചെയ്തില്ല എന്ന ആരോപണത്തിന് നൽകിയ മറുപടിയിൽ ഓടകൾ വൃത്തിയാക്കുന്നതിന് ഓരോ വാർഡിലേക്കും കൗൺസിൽ തീരുമാന പ്രകാരം അനുവദിക്കുന്ന തുക വാർഡ് കൗൺസിലർ ചെയർമാനും , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറുമായ സാനിട്ടേഷൻ കമ്മിറ്റിക്കു വേണ്ടി അഡ്വാൻസ് രജിസ്റ്ററിൽ ഒപ്പിട്ട് കൈപ്പറ്റുകയും ആയത് കമ്മിറ്റി തീരുമാന പ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ച് കൂലി കൊടുക്കുമ്പോൾ വൗച്ചറുകൾ ശേഖരിച്ചും കമ്മിറ്റി അംഗീകാരത്തോടെ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു. മേൽ പ്രകാരം നൽകിയിട്ടുള്ള വൗച്ചറുകൾക്ക് അനുസൃതമായി മുൻകൂർ തുക ക്രമപ്പെടുത്തിയിട്ടുള്ളതാണെന്നും ടിയാന് ഇതിനകം ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതാണെന്നും ജനന - മരണ - വിവാഹ സർട്ടിഫിക്കറ്റ് യഥാസമയം ഒപ്പിട്ട് വിതരണത്തിനായി നൽകിയിട്ടുണ്ടെന്നും ന്യൂനതകൾ അറിയിച്ചിട്ടും വരാത്തവരുടെ അപേക്ഷകളാണ് പെന്റിംഗ് ഉണ്ടായിരുന്നതെന്നും അറിയിക്കുന്നു. മേൽ പ്രകാരം തന്നെ പൊതു സ്വഭാവത്തിൽ നൽകിയ മെമ്മോയ്ക്ക് നിലവിൽ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 3- ൽ സീനിയർ ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീ ഐ.സച്ചിദാനന്ദൻ നൽകിയ മറുപടിയിൽ 1, 3, 5 പരാമർശങ്ങൾ ഓഫീസ് ഉത്തരവ് പ്രകാരം ടിയാന്റെ ചുമതലയിൽപ്പെട്ടതല്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട് . കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചുമതലയാണ് ടിയാനുണ്ടായിരുന്നതെന്നും, വിവിധ കാരണങ്ങളാൽ അറിയിപ്പ് നൽകിയിട്ടും അപാകത തീർപ്പാക്കാത്ത ഏതാനും അപേക്ഷകൾ മാത്രമാണ് പെന്റിംഗ് ആയി ഉണ്ടായിരുന്നതെന്നും, ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ യഥാവിധി പരിപാലിച്ചു വന്നിട്ടുണ്ടെന്നും ടിയാൻ മറുപടി നൽകിയിട്ടുണ്ട് .

37. സോണൽ ഓഫീസിലെ സൂപ്രണ്ടായിരുന്ന ശ്രീ ആന്റണി നെൽസൺ മേൽ പ്രകാരമുള്ള മെമ്മോയ്ക്ക് നൽകിയ മറുപടിയിൽ 0104.2011 മുതൽ നാല് മാസക്കാലയളവിലാണ് താൻ ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസിൽ സൂപ്രണ്ടായി സേവനത്തിലിരുന്നതെന്നും ചാർജ്ജ് ഏറ്റെടുത്തിരുന്ന കാലത്തോ അതിനു മുമ്പോ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ഓഫീസിൽ നിലവിലുണ്ടായിരുന്നില്ലായെന്നും മെമ്മോയിലെ മറ്റാരോപണങ്ങൾ സംബന്ധിച്ച വിഷയങ്ങളിൽ ടിയാന് ഉത്തരവാദിത്വം ഇല്ലെന്നും പറഞ്ഞിരിക്കുന്നു. നികുതി,ലേലം/ടെൻഡർ , നോൺ ടാക്സ്, മറ്റ് സാക്ഷ്യപത്രങ്ങൾ എന്നിവയ്ക്കുള്ള ചുമതലയാണ് സൂപ്രണ്ട് വഹിച്ചിരുന്നതെന്നും എഞ്ചിനീയറിംഗ് ഹെൽത്ത്

വിഭാഗങ്ങളുടെ ചുമതലകൾ ഏൽപ്പിച്ചുകൊണ്ടുള്ള യാതൊരുത്തരവും ടിയാന് ലഭിച്ചിട്ടില്ലാത്തതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട് .

38. മേൽ മറുപടി ടിയാന്റെ പേരിൽ ആരോപിച്ചിട്ടുള്ള വീഴ്ചകൾക്ക് ന്യായീകരണമാകുന്നില്ലായെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു .

39. കുറ്റാരോപണമെമ്മോയ്ക്ക് ജീവനക്കാരുടെ മറുപടിയും റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടും പരിഗണിച്ച് 21.01.2017- ൽ മരണപ്പെട്ടിട്ടുള്ള ശ്രീ സി. വി ചന്ദ്രനെതിരെയും വിരമിച്ചിട്ടുള്ള ജീവനക്കാർക്കെതിരെയുമുള്ള അച്ചടക്ക നടപടിയിൽ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു. കൂടാതെ, ശ്രീമതി വി . കെ ബിന്ദു , ശ്രീ ബൈജു ടി ., ശ്രീ പി . സുരേഷ് ബാബു , ശ്രീ സുനിൽ കുമാർ വി ., ശ്രീ സത്യ ബാബു , ശ്രീ കെ . ബഷീർ , ശ്രീമതി രശ്മി പി ., ശ്രീ പ്രഭാകരൻ കല്യാട്ട് , ശ്രീ എ . ഹാരിസ്, ശ്രീ ബാലചന്ദ്രൻ എ.എൻ, ശ്രീ സച്ചിദാനന്ദൻ, ശ്രീ ആന്റണി നെൽസൺ , ശ്രീ കെ.കെ.രാജൻ എന്നീ ജീവനക്കാർക്ക് കർശനമായ താക്കീത് നൽകിക്കൊണ്ട് ടിയാളുകൾക്കെതിരായ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു. വിജിലൻസ് പരിശോധനാ കാലയളവിൽ ശ്രീ ഷാജി (സൂപ്രണ്ട്) എന്നൊരു ജീവനക്കാരൻ കോഴിക്കോട് നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടില്ലായെന്ന് 03.10.2016- ലെ സി 15/65792/16- ാം നമ്പർ കത്ത് പ്രകാരം കോഴിക്കോട് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

40. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയ്ക്ക് ജീവനക്കാർ സമർപ്പിച്ച മറുപടി, റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കോഴിക്കോട് കോർപ്പറേഷനിലും കോർപ്പറേഷന്റെ കീഴിലുള്ള സോണൽ ഓഫീസുകളിലും 10.06.2011 ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ജീവനക്കാർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി ചുവടെ ചേർക്കും പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(i) വിരമിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ജീവനക്കാർക്കെതിരായ അച്ചടക്കനടപടിയിൽ തുടർനടപടി അവസാനിപ്പിക്കുന്നു.

ശ്രീ മോഹൻദാസ് , റവന്യൂ ഇൻസ്പെക്ടർ
ശ്രീ. പി. രവീന്ദ്രൻ, റവന്യൂ ഇൻസ്പെക്ടർ
ശ്രീ എം . പി രാമൻ , റവന്യൂ ഇൻസ്പെക്ടർ
ശ്രീ ശ്രീകുമാരൻ നായർ , റവന്യൂ ഇൻസ്പെക്ടർ
ശ്രീ കെ. എൻ സോമൻ , റവന്യൂ ഇൻസ്പെക്ടർ
ശ്രീ വി. പി ബാലരാജ് , സൂപ്രണ്ട്
ശ്രീ ഹരിദാസ്, ഹെൽത്ത് ഇൻസ്പെക്ടർ
ശ്രീ എം. വാസു, സീനിയർ ക്ലർക്ക്
ശ്രീ ടി.പി. ചന്ദ്രൻ, റവന്യൂ ഓഫീസർ
ശ്രീ വിജയകുമാർ എൻ. കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
ശ്രീ വി. സന്തോഷ്കുമാർ, റവന്യൂ ഓഫീസർ ഗ്രേഡ് 2
ശ്രീ കെ. കെ രാജൻ, സൂപ്രണ്ട്
ശ്രീ കെ. ഹുസൈൻ, റവന്യൂ ഇൻസ്പെക്ടർ

(ii) റവന്യൂ വിഭാഗത്തിലെ ഉദ്യോഗസ്ഥരായ ശ്രീ. പ്രകാശൻ കല്യാട്ട്, ശ്രീ സത്യവോബ്ബ എന്നിവർക്ക് 'സെൻഷർ' നൽകിയും, ശ്രീ ആന്റണി നെൽസൺ- ന്റെ ഒരു വാർഷിക വേതനവർദ്ധവ് സഞ്ചിത ബല പ്രാബല്യമില്ലാതെ ആറുമാസത്തേയ്ക്ക് തടഞ്ഞുകൊണ്ടും, ക്ലാർക്കുമാരായ കെ. ബഷീർ, ശ്രീമതി രശ്മി പി, ശ്രീ എ. ഹാരിസ്, ശ്രീ ബാലചന്ദ്രൻ, ശ്രീ സച്ചിദാനന്ദൻ, ശ്രീമതി പി.കെ ബിന്ദു, ശ്രീ ബൈജു റ്റി, ശ്രീ പി. സുരേഷ് ബാബു, സൂപ്രണ്ട് ശ്രീ സുനിൽ കുമാർ വി., എന്നിവർക്ക് 'താക്കീത്' നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ജീവനക്കാർക്ക്(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(04.06.2019 തീയതിയിലെ VIG-D1/352/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ